# ഗാന്ധിയൻ നാടോടി കവിതകൾ

കെ.ജി. അമർനാഥ്

**ഒന്ന്**

ഒരു കുതിരയും കഴുതയും
രണ്ടുകാളകളും നോക്കിനിൽക്കുമ്പോഴാണ്
ഗാന്ധിജിക്ക് വെടിയേറ്റത്
കുതിര : എന്നേക്കാളും വേഗത്തിൽ കുതിക്കുമായിരുന്നു.....
അതുകൊണ്ടായിരിക്കുമോ?
കഴുത : എന്നേക്കാളും ഭാരം ചുമക്കുമായിരുന്നു.....
അതുകൊണ്ടായിരിക്കുമോ?
കാളകൾ : ഞങ്ങളെക്കാളുമാഴത്തിൽ
ഉഴുതുമറിക്കുമായിരുന്നു
നിരന്തരം......
അതുകൊണ്ടുതന്നെയാണ്.

**രണ്ട്**

ചോദ്യം : ഒരു വലിയ രാജ്യമുണ്ടത്രെ
ഒരുപിടി അരിയും
ഒരു കുമ്പിൾ ഗോതമ്പും
അഞ്ചപ്പവുമുണ്ടത്രെ
വിശന്ന് വിറക്കുന്ന ഈ രാജ്യത്ത്
അങ്ങ് എന്താണ് ചെയ്യുന്നത്?
ഉത്തരം : ഭക്ഷണമോ
രുചിയുള്ള ഉത്തരങ്ങളോ
എന്റെ കയ്യിലില്ല
മുളക്കാനില്ലാത്തതിനാൽ
ഞാനവകൊണ്ടുനടക്കാറില്ല
എന്റെ കയ്യിൽ ഒരുപിടി വിത്തുകളെയുള്ളൂ
നിങ്ങളുടെ കയ്യിലും അത് കാണാതിരിക്കില്ല
പക്ഷേ അവ ഉറക്കത്തിലാണ്
വിത്തുകാളകളുണരുമ്പോൾ
ഒപ്പം ഉണരണമെന്ന് മാത്രം.
ഒപ്പം വളരണമെന്ന് മാത്രം.




**മൂന്ന്**

പൂച്ചയും എലിയും
നഗരത്തിലേക്ക് കുടിയേറിയപ്പോൾ
പൂച്ചക്കെല്ലാം മതവും സംസ്കാരവുമായി
പാല്, പട്ടുമെത്ത, വാത്സല്യം, ഉറക്കം
സ്വത്ത്, സ്വർണ്ണം, സംഗീതം, നൃത്തം, കവിത
പോരാത്തതിന് കൊന്ന് തിന്നുന്ന രുചിയും
താമസിയാതെ എലികൾ കൂട്ടത്തോടെ
ഗാന്ധിതണലിലൊളിച്ചു
ഈ ചരിത്ര മുഹൂർത്തത്തിലാണ്
ഐൻസ്റ്റീൻ വെളിച്ചത്തിന്റെ വേഗം കൊണ്ട്
സ്ഥലകാലത്തെ നിർവ്വചിച്ചതുപോലെ
നീതിയുടെ വേഗം കൊണ്ട് ഗാന്ധിജി
അഹിംസയെ പെരുക്കിയത്
എലിക്ക് പൂച്ചയെ കൊല്ലാം
പൂച്ചകൾ കൂട്ടത്തോടെ ചത്ത് വീണപ്പോൾ
തന്നെ സന്ദർശിക്കാനെത്തിയ
ഒരു വെടിയുണ്ടയെ
ഗാന്ധിജി ഹൃദയത്തിലേക്ക് സ്വീകരിച്ചിരുത്തി
വെളിച്ചത്തേക്കാളും വേഗമുള്ള വേഗത്തെ
അളക്കാനാവാതെ ഐൻസ്റ്റീൻ കുഴഞ്ഞുമറിഞ്ഞപ്പോൾ
കൊന്ന്തിന്നാം രുചിയില്ലാ പ്രപഞ്ചമേതെന്ന്
പ്രാർത്ഥിച്ച് ഗാന്ധിജിയും കുഴഞ്ഞുവീണു